നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടി

139 (485) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബജറ്റിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2015 ഫെബ്രുവരി 28 വരെ ആകെ ലഭിച്ച നികുതി വരുമാനം എത്രയാണ് ;

(സി) ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച ബാക്കി നികുതി വരുമാനം 2015 മാർച്ച് മാസത്തിൽ ലഭിയ്ക്കുമെന്ന് കരുതുന്നുണ്ടോ ;

(ഡി) നികുതി വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ആകെ എത്ര നികുതി വരുമാനം ലഭിക്കുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) 2014-15 ബഡ്ജറ്റിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 51832.85 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014-15 സാമ്പത്തികവർഷം ജനവരി 31 വരെ ലഭിച്ച ആകെ നികുതി വരുമാനം 34864.16 കോടി രൂപയാണ്.

(സി) സാമ്പത്തിക വർഷാവസാനത്തോടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള നികുതി വരുമാനം ലഭ്യമാകുമെന്ന് കരുതുന്നു.

(ഡി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂകുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്താനും വിവിധ ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും അത്തരം ഉപാധിരഹിത സ്റ്റേ ഉത്തരവുകൾ ഭാവിയിൽ പുറപ്പെടുവിക്കാതിരിക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നികുതിപിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പുതലത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ റദ്ദാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ ടാക്സേഷൻ വിംഗ് രൂപവൽക്കരിച്ച് ഊർജ്ജിതമായ നികുതി പിരിവിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

വാണിജ്യ നികുതി വകുപ്പിൽ പുതുതായി രൂപവൽക്കരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്ന് ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുമായി ഒത്തുനോക്കി തട്ടിപ്പുകൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പുതുക്കിയ എസ്റ്റിമേറ്റുകൾ 2015-16-ലെ ബഡ്ജറ്റിനോടൊപ്പം അവതരിപ്പിക്കുന്നതാണ്.

പദ്ധതി അടങ്കൽ തുക

140 (486) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്തെ പദ്ധതി അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ നാളിതുവരെ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് നാളിതുവരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വകുപ്പുകൾ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുകയും അനുവദിച്ച തുകയും വിനിയോഗിച്ചതുകയും എത്രയാണെന്ന് പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം പദ്ധതി അടങ്കൽ തുക 20000 കോടി രൂപയാണ്.

(ബി) 31-1-2015 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് വിവിധ പദ്ധതികൾക്കായി 8581 കോടി രൂപ (43%) ചെലവഴിച്ചിട്ടുണ്ട്.

(സി) ത്രിതല പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് 31-1-2015 വരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly